# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4192 — 03.02.2014 -ൽ മറുപടിയ്ക്ക്

## കുഴൽ കിണർ ഏജൻസികൾക്ക് നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. വാഹീദ്<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ.പി. സി. വിഷ്ണുനാഥ്<br>ശ്രീ.ഹൈബി ഈഡൻ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ) ഭൂജലം സംരക്ഷിക്കുന്നതിന് കുഴൽ കിണർ ഏജൻസികൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ; | എ) സംസ്ഥാനത്തെ കുഴൽ കിണർ ഏജൻസികൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്റ്റിൽ ഭേദഗതി വരുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| ബി) ഇതിനായി ഭൂജല അതോറിറ്റി എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) കേരളത്തിൽ പ്രവർത്തിക്കുന്ന റിഗ്ഗുകൾ കേരള ഭൂജല അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യണമെന്ന ഭേദഗതി, ആക്റ്റിൽ ഉൾപ്പെടുത്താനുദ്ദേശ്ശിക്കുന്നു. ഈ ഭേദഗതി നിർദ്ദേശമനുസരിച്ച് ലഭിക്കുന്ന അപേക്ഷ പരിശോധിച്ച് കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുന്ന ഏജൻസികൾക്ക് രജിസ്ട്രേഷൻ നൽകുവാനും കുഴിക്കുന്ന കുഴൽ കിണറുകളുടെ വിശദ വിവരങ്ങൾ ഭൂജല അതോറിറ്റിയെ അറിയിക്കണമെന്നും അതോറിറ്റിയുടെ നിർദ്ദേശമനുസരിച്ച് മാത്രമേ റിഗ്ഗുകൾ പ്രവർത്തിക്കാൻ പാടുള്ളു എന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. |
| സി) ഏജൻസികൾ കുഴിക്കുന്ന കിണറുകൾ, രജിസ്ട്രേഷൻ ഇവ സംബന്ധിച്ച വിശദാംശങ്ങൾ അധികൃതരെ ഏൽപ്പിക്കുക എന്നത് നിർബന്ധമാക്കുന്ന കാര്യം പരിഗണിക്കുമോ ; | സി) & ഡി) കുഴൽ കിണർ നിർമ്മിക്കുന്ന സ്വകാര്യ ഏജൻസികൾ ഭൂജല അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യണമെന്നും സ്വകാര്യ ഏജൻസികൾ നിർമ്മിക്കുന്ന കുഴൽ കിണറുകളുടെ വിശദവിവരങ്ങൾ ഭൂജല |

| | |
|---|---|
| ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | അതോറിറ്റിയെ അറിയിക്കണമെന്നും നിഷ്കർഷിക്കുന്ന ഭേദഗതി കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് 2002-ൽ വരുത്തുന്നതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ